

ലബാർ സോഷ്യൽ സർവീസ് സൊസൈറ്റിയും നാളികേര വികസന ബോർഡും സംയുക്തമായി
ടപ്പാക്കുന്ന തെങ്ങിൻ ചങ്ങാതിക്കൂട്ടം പദ്ധതി പ്രകാരമുള്ള പുതിയ ബാച്ച് തെങ്ങുകയറ്റ പരിശീ
നത്തിന്റെ ഉദ്ഘാടനം ശ്രീപുരം മാസ് ട്രെയിനിംഗ് സെന്ററിൽ കോട്ടയം അതിരൂപത സഹായമെ
ത്രാൻ മാർ ജോസഫ് പണ്ടാരശേരിയിൽ നിലവിളക്കുകൊളുത്തി നിർവഹിക്കുന്നു. ടൈനി സൂ
സൺ ജോൺ, ഫാ. സുനിൽ പെരുമാനൂർ തുടങ്ങിയവർ സമീപം.

# തെങ്ങുകയറ്റ പരിശീലനം മാസ് സെന്ററിൽ തുടങ്ങി

കണ്ണൂർ: മലബാർ സോഷ്യൽ സർവീസ് സൊസൈറ്റിയും നാളികേര വികസന ബോർഡും സംയുക്തമായി നടപ്പാക്കുന്ന തെങ്ങിൻ ചങ്ങാതിക്കൂട്ടം പദ്ധതി പ്രകാരമുള്ള പുതിയ ബാച്ച് തെങ്ങുകയറ്റ പരിശീലനം ശ്രീപുരം മാസ് ട്രെയിനിംഗ് സെന്ററിൽ തുടങ്ങി. കോട്ടയം അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശേരിയിൽ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ടൈനി സൂസൺ ജോൺ അധ്യക്ഷത വഹിച്ചു. മാസ് ഡയറക്ടർ ഫാ. സുനിൽപെരുമാനൂർ പദ്ധതി വിശദീകരിച്ചു. നാളികേര വികസന ബോർഡ് ട്രെയിനർ പി.എം. ബാബു, മാസ് പ്രോജക്ട് ഓഫീസർ ജസ്റ്റിൻ ലൂക്കോസ് എന്നിവർ ആശംസയർപ്പിച്ചു.

ആറു ദിവസം നീണ്ടുനിൽക്കുന്ന റസിഡൻഷ്യൽ പരിശീലനത്തിൽ തെങ്ങുകയറ്റ പരിശീലനത്തിനു പുറമേ തെങ്ങിന്റെ മണ്ഡരിബാധ-ലക്ഷണങ്ങളും പ്രതിരോധ നടപടികളും, ജൈവകൃഷി രീതികൾ, ശുഭചിന്തയും ആരോഗ്യകരമായ ജീവിതശൈലിയും, സാമൂഹ്യസുരക്ഷ, ആശയവിനിമയം, പ്രഥമശുശ്രൂഷകൾ, ബാങ്കിംഗ്, കുടുംബബജറ്റ്, സംരംഭകത്വ വികസനം, നേതൃത്വഗുണം തുടങ്ങി 12 വിഷയങ്ങളിൽ ക്ലാസുകളും യോഗ, ബോഡി ബിൽഡിംഗ് എക്സൈസും ഉണ്ടായിരിക്കും.